# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.എൽ.എം. പി8/1052/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 16/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)
2.അസ്സിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ)

നമ്പർ: കെ.എസ്.എ.കെ.എൽ.എം. പി8/1052/22 തീയ്യതി: 16/07/2022

## കൊല്ലം ജില്ലയിലെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2020 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.മാത്യുറോയി കെ.പി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 30-05-2022 | 03-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 30-05-2022 | 03-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രഞ്ജിത്ത്കുമാർ ജി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

ശ്രീമതി പ്രീത എസ്.എസ്, ഓഡിറ്റ് ഓഫീസർ

ശ്രീ.സുനിൽകുമാർ യു.എസ്, ഓഡിറ്റർ

ശ്രീമതി താര.റ്റി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എ.മജീദ് | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണം | പ്രസിഡന്റ് | 11-11-2020 | 29-12-2020 |
| ശ്രീമതി ദീപ്തി രവീന്ദ്രൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.ആർ.അജയകുമാർ | സെക്രട്ടറി | 01-04-2020 | 08-02-2021 |
| ശ്രീമതി അജിതകുമാരി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-02-2021 | 15-02-2021 |
| ശ്രീമതി ജ്യോതിലക്ഷ്മി എസ്. | സെക്രട്ടറി | 16-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മനോജ് എം.ഒ | അസി.എക്സിക്യൂട്ടീവ് എൻജിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി സലില എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ഡോ.സാബുസേവ്യർ | സീനിയർ വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.സുനിൽകുമാർ ഡി. | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2020 | 31-03-2021 |
| ശ്രീ.ഷെറിൻ മുള്ളർ | കൃഷി അസ്സി.ഡയറക്ടർ | 01-04-2020 | 30-10-2020 |
| ശ്രീമതി സുമറാണി പി. | കൃഷി അസ്സി.ഡയറക്ടർ | 31-10-2020 | 09-11-2020 |
| ശ്രീ.ബിനേഷ് വി.ആർ | കൃഷി അസ്സി.ഡയറക്ടർ | 10-11-2020 | 31-03-2021 |
| ശ്രീമതി ജാകചലിൻ ജെ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.രാകേഷ് എ. | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി റെമിജിയസ് വി ഫെർണ്ണാണ്ടസ്സ് | ശിശുവികസന ഓഫീസർ I | 01-04-2020 | 31-03-2021 |
| ശ്രീമതി ഹേമ പി | ശിശുവികസന ഓഫീസർ II | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sunilkumar.U.S (Auditor, On 04-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 15-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Sunilkumar.U.S (Auditor, On 04-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 15-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: S.S.Preetha (Audit Officer, On 03-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 15-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Sunilkumar.U.S (Auditor, On 04-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: S.S.Preetha (Audit Officer, On 03-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Sunilkumar.U.S (Auditor, On 04-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sunilkumar.U.S (Auditor, On 04-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 15-07-2022) | 1-6 |
| 8 | ക്യാഷ് പരിശോധന<br>Written By: Sunilkumar.U.S (Auditor, On 04-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 15-07-2022) | 1-7 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Sunilkumar.U.S (Auditor, On 04-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 15-07-2022) | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sunilkumar.U.S (Auditor, On 04-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 06-06-2022) | 1-9 |
| 11 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് - വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല.<br>Written By: Thara.T (Auditor, On 04-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 15-07-2022) | 1-10 |
| 12 | കാലി ബാരലിന്റെ വില ഓഡിറ്റ് നിർദേശത്തെ തുടർന്ന് ഒടുക്കു വരുത്തി.<br>Written By: Ranjith Kumar G (Audit Officer (HG), On 03-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-11 |
| 13 | അങ്കണവാടികളിൽ എയർ കണ്ടീഷൻ സ്ഥാപിക്കൽ - സർക്കാർ അനുമതിയില്ലാതെ ചെലവ് നടത്തി.<br>Written By: Sunilkumar.U.S (Auditor, On 05-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-12 |
| 14 | അളവു പുസ്തകത്തിലുള്ള സാമഗ്രികളുടെ വില സ്റ്റോക്ക് അളവിൽ നിജപ്പെടുത്തിയില്ല - അധികച്ചെലവ്.<br>Written By: Ranjith Kumar G (Audit Officer (HG), On 03-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-13 |
| 15 | പഠനമുറി നിർമ്മാണം പൂർത്തികരിച്ചില്ല.<br>Written By: Ranjith Kumar G (Audit Officer (HG), On 03-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-14 |
| 16 | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ആളിന് ആനുകൂല്യം നല്കി. ചെലവ് അംഗീകരിക്കുന്നില്ല. | 1-15 |

| | | |
|---|---|---|
| | Written By: S.S.Preetha (Audit Officer, On 03-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | |
| 17 | റീടെൻഷൻ തുക പദ്ധതി വിഹിതത്തിൽ നിന്നും നൽകി.<br>Written By: Ranjith Kumar G (Audit Officer (HG), On 03-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-16 |
| 18 | വിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.<br>Written By: S.S.Preetha (Audit Officer, On 04-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-17 |
| 19 | മാതൃക പ്രദർശന കൃഷിത്തോട്ടം - സ്ഥലവിസ്തൃതി പരിഗണിക്കാതെ ആനുകൂല്യം നൽകി.<br>Written By: Sunilkumar.U.S (Auditor, On 05-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-18 |
| 20 | പാലിന് സബ്സിഡി പ്രോജക്ട് - ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയില്ല.<br>Written By: Sunilkumar.U.S (Auditor, On 05-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-19 |
| 21 | മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു.<br>Written By: Thara.T (Auditor, On 06-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-20 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ആളിന് ആനുകൂല്യം നല്കി. ചെലവ് അംഗീകരിക്കുന്നില്ല.<br>Written By: S.S.Preetha (Audit Officer, On 03-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 15-07-2022) | 3-1 |
| 2 | അളവു പുസ്തകത്തിലുള്ള സാമഗ്രികളുടെ വില സ്റ്റോക്ക് അളവിൽ നിജപ്പെടുത്തിയില്ല. അധികച്ചെലവ്.<br>Written By: Ranjith Kumar G (Audit Officer (HG), On 03-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 3-2 |
| 3 | അങ്കണവാടികളിൽ എയർ കണ്ടീഷൻ സ്ഥാപിക്കൽ - സർക്കാർ അനുമതിയില്ലാതെ ചെലവ് നടത്തി.<br>Written By: Bini Chandran S (Computer Assistant, On 16-07-2022)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 3-3 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sunilkumar.U.S (Auditor, On 05-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sunilkumar.U.S (Auditor, On 04-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sunilkumar.U.S (Auditor, On 04-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 15-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sunilkumar.U.S (Auditor, On 04-06-2022)<br>Last Updated By: Sunilkumar.U.S (Auditor, On 04-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sunilkumar.U.S (Auditor, On 04-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 15-07-2022) | 4-5 |

| | | |
|---|---|---|
| 6 | സ്ഥിര നിക്ഷേപം<br>Written By: Sunilkumar.U.S (Auditor, On 04-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 15-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Thara.T (Auditor, On 06-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 15-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sunilkumar.U.S (Auditor, On 04-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 15-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sunilkumar.U.S (Auditor, On 04-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 15-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sunilkumar.U.S (Auditor, On 05-06-2022)<br>Last Updated By: Santhosh N (Computer Assistant, On 16-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Sunilkumar.U.S (Auditor, On 05-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 26.03.2020-ലെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 09.07.2021 | - | - |

### 1-2-1 വാർഷിക ധനകാര്യപത്രികയിൽ കണ്ടെത്തിയ അപാകതകൾ

(1) ക്രയവിക്രയങ്ങളില്ലാത്ത എസ്.ബി.ടി പൈക്ക, എസ്.ബി.ടി (എസ്.ഐ.ജി.എൻ) ഇൻഡ്യൻ ബാങ്ക് (സാക്ഷരത) അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല.
(2) സ്റ്റോക്ക് രജിസ്റ്റർ മൂല്യനിർണ്ണയം നടത്തി അക്കൗണ്ട് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
(3) ഡെപ്പോസിറ്റ് തുകകളുടെ കൃത്യത പരിശോധിക്കാൻ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
(4) ഇൻഡ്യൻ ബാങ്ക് ഐ.എ.വൈ (ജില്ലാ പഞ്ചായത്ത്) എന്ന ശീർഷകത്തിൽ ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് തുക 3,48,333/-രൂപയാണ്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2021 ൽ നീക്കിയിരിപ്പ് തുക പലിശ ഉൾപ്പെടെ 3,50,824/-രൂപയാണ്.
(5) ടി.എസ്.സി ഹെഡിൽ നീക്കിയിരിപ്പ് തുക ബാങ്ക് ബുക്ക് പ്രകാരം 20,38,790/-രൂപയും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 20,38,791/-രൂപയുമാണ്.
(6) Recoveries Payable -Covid Head ൽ 1,42,284/-രൂപ നീക്കിയിരിപ്പ് ഉണ്ട്. ബാങ്ക് പത്രിക പ്രകാരം നീക്കിയിരിപ്പ് തുക ഇല്ല.
(7) ഗുണഭോക്തൃവിഹിതം തുക വാർഷിക ധനകാര്യപത്രിക പ്രകാരം 4,78,410/-രൂപയാണ്. എന്നാൽ യഥാർത്ഥ നീക്കിയിരിപ്പ് തുക 2,17,750/-രൂപയാണ്.
(8) ആസ്തി സ്വരൂപിക്കലിനായി തനത്ഫണ്ട് ഒഴികെയുള്ള ഫണ്ടുകൾ പ്രകാരം 86,28,535/-രൂപ ചെലവഴിച്ചിട്ടുണ്ട്. വാർഷിക ധനകാര്യപത്രികയിൽ ആസ്തി മൂല്യം രേഖപ്പെടുത്തിയിട്ടുള്ളത് 20,95,530/-തുകയ്ക്കാണ്. ഫണ്ടിന്റെ ചെലവ് തുകയ്ക്ക് തത്തുല്യമായ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ വകയിരുത്തിയിട്ടില്ല.
(9) ലേലം വരവിനത്തിലുള്ള 6,350/-രൂപ (4250 + 2100) വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
(10) കെട്ടിടങ്ങളുടെ വാടക – ഡിമാന്റ് വരവ് നീക്കിയിരിപ്പ് തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,64,39,583/-രൂപ |
| വരവ് | 7,47,91,436/-രൂപ |
| ആകെ | 9,12,31,019/-രൂപ |
| ചെലവ് | 8,45,14,639/-രൂപ |
| നീക്കിയിരിപ്പ് | 67,16,380/-രൂപ |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,84,412/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,61,08,571/-രൂപ |

1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ്/ ലാപ്സായ തുക (രൂപ) | ക്യൂ ബിൽ |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | - | 3,90,96,852/- | 3,90,96,852/- | 3,90,96,852/- | 0 | |
| വികസന ഫണ്ട്-എസ്.സി.പി | - | 1,49,18,428/- | 1,49,18,428/- | 1,36,03,564/- | 13,14,864/- | |
| വികസന ഫണ്ട്. (ടി.എസ്.പി) | | 3,68,000/- | 3,68,000/- | 53,218/- | 3,14,782/- | |
| സി.എഫ്.സി (ടൈഡ്) | | 73,40,000/- | 73,40,000/- | 0 | 73,40,000/- | |
| സി.എഫ്.സി (അൺടൈഡ്) | | 73,40,000/- | 73,40,000/- | 45,90,000/- | 27,50,000/- | |
| മെയിന്റനൻസ്, നോൺ-റോഡ് | - | 68,91,000/- | 68,91,000/- | 68,91,000/- | 0 | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| സാക്ഷരത | 2,160/- | 49/- | 2,209/- | 0 | 2,209/- | |
| എസ്.ബി.റ്റി പൈക്ക | 58,977/- | 1,620/- | 60,597/- | 0 | 60,597/- | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ<br>(ഇനം തിരിച്ച് ചേർക്കുക) | | | | | | |
| TSC | 19,91,244/- | 1,72,063/- | 21,63,307/- | 1,24,517/- | 20,38,790/- | |
| നിർമ്മൽ പുരസ്കാരം | 97,877/- | 3,116/- | 1,00,993/- | 0 | 1,00,993/- | |

C S S & S S S ഗ്രാന്റ് തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 109 | 11,25,70,521/- | 89 | 7,06,26,937/- | 10 | 20 | 73% |

1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.06.2022 04.00 Pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി നീക്കിയിരിപ്പ് ഇല്ല എന്നത് ബോധ്യപ്പെട്ടു.

1-8 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തരനിയന്ത്രണം നിയന്ത്രണ സംവിധാനം ഓഡിറ്റ്, സ്ഥാപനത്തിന്റെ ആഭ്യന്തര പരിശോധനാവേളയിൽ വിലയിരുത്തുകയുണ്ടായി.

1. ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.
2. അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്. വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ടെങ്കിലും അതാത് ദിവസത്തെ വരവുകൾ കൃത്യമായി ഡേ ബുക്കിൽ എൻട്രി വരുത്തുന്നില്ല.
3. മാന്വൽ രസീത് നൽകുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ പാലിക്കുന്നില്ല.
4. സാംഖ്യ സോഫ്റ്റ് വെയർ മുഖേനയുള്ള കമ്പ്യൂട്ടർ രസീതുകൾ പ്രകാരം വരവുകൾ സ്വീകരിക്കുന്നില്ല, കൈകൊണ്ടെഴുതുന്ന രസീതുകളാണ് ഉപയോഗിക്കുന്നത്.
5. അക്കൗണ്ടുകൾക്ക് പ്രതിമാസ റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നില്ല.
6. സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തി രജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനം കുറ്റമറ്റതാക്കാൻ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10/21 | 2020-21 | 20.12.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03/2022 | 2016-17 To 2020-21 | 19.05.2022 |

1-10 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് - വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തൊടിയൂർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ ആകെയുള്ള 17 കടമുറികളിൽ ചുവടെ ചേർക്കുന്നവയിൽ വാടക കുടിശ്ശിക വരുത്തിയതായി കാണുന്നു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 29.6.2020 ലെ 1278/20 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭരണസമിതിയുടെ 8.9.2020 ലെ I(3) നമ്പർ തീരുമാനപ്രകാരം 4/2020, 5/2020 മാസങ്ങളിലെ വാടക ഒഴിവാക്കിയിട്ടുണ്ട്. കുടിശ്ശിക ഇനത്തിൽ 80,007/-രൂപ ലഭിക്കുവാൻ അവശേഷിക്കുന്നു. ടി തുക ഈടാക്കാനായി യാതൊരു നടപടികളും സ്വീകരിച്ചതായി കാണുന്നില്ല. കുടിശ്ശിക വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാടകയ്ക്ക് എടുത്ത വ്യക്തി | റൂം നമ്പർ | മാസം, മാസവാടക, തുക (രൂപ) | കുടിശ്ശിക (രൂപ) |
|---|---|---|---|---|
| 1 | ആദിത്യമോഹൻ, പരുത്തുംമൂട്ടിൽ, ചെറിഴയിക്കൽ പി.ഒ | 1 | 1,313/- (25/11/20 മുതൽ 25/3/21 വരെ) | 6,565/- |
| 2 | വിജയൻ, വിളയിൽതെക്കതിൽ, കല്ലേലിഭാഗം പി.ഒ, തൊടിയൂർ | 4, 5 | 1,313/- (2/20 മുതൽ ഒടുക്കുവരുത്തുന്നില്ല.) | 31,512/- (12*1313+12*1313) |
| 3 | നജ്ജുമുദ്ദീൻ, | 9 | 1,313/- (4/20 മുതൽ | 13,130/- |

| | | | | |
|---|---|---|---|---|
| | റോസ്ഹൗസ്, കെ.എസ്.പുരം | | ഒടുക്കുവരുത്തുന്നില്ല.) | (10*1313) |
| 4 | ബേബി.സി, പുത്തൻമണ്ണേൽ, പി.വി സൗത്ത്, ഇടക്കുളങ്ങര പി.ഒ, തൊടിയൂർ | 15,16,17 | 2,400/- (12/20 മുതൽ ഒടുക്കുവരുത്തുന്നില്ല.) | 28,800/- (9600*3) |
| ആകെ | | | | 80,007/- |

2019-20 സാമ്പത്തിക വർഷത്തെ വാടക തന്നെയാണ് 2020-21 വർഷവും ഈടാക്കിയിരിക്കുന്നത്. വാടകയിൽ വാർഷിക വർദ്ധനവ് ഉണ്ടായിട്ടില്ല. വാടകയിൽ വാർഷിക വർദ്ധനവ് നടത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

കുടിശ്ശിക ഇനത്തിൽ ഈടാക്കാനുള്ള തുകയായ 80,007/- രൂപയും അതിന്റെ പിഴപലിശയും ചേർത്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം: 13/03.06.22

1-11 കാലി ബാരലിന്റെ വില ഓഡിറ്റ് നിർദേശത്തെ തുടർന്ന് ഒടുക്കു വരുത്തി.

| | |
|---|---|
| പ്രോജക്ട് നം | 100/21 - പാവുമ്പ ജംഗ്ഷൻ കൈരളി ജംഗ്ഷൻ റോഡ് റീടാറിംഗ് |
| അടങ്കൽ | 10,00,000/-രൂപ (വികസന ഫണ്ട്) |
| ചെലവ് | 9,89,947/-രൂപ, ബിൽ നം.25/28-3-21 |
| അളവ് പുസ്തകം | 377/20-21 |
| കരാറുകാരൻ | സുധ |
| നിർവഹണം | അസി. എൻജിനീയർ |

2020-21 വർഷത്തിലെ SO100/21 പാവുമ്പ ജംഗ്ഷൻ – കൈരളി ജംഗ്ഷൻ റീടാറിഗ് പ്രവൃത്തിക്ക് അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം Packed Bitumen Rate അനുവദിച്ച നൽകിയിരുന്നെങ്കിലും, പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഒഴിഞ്ഞ ബാരലിന്റെ വില തിരികെ ഈടാക്കിയിരുന്നില്ല.

ഉപയോഗിച്ച ടാറിന്റെ അളവ്

SS1------ 153kg------- 1 ബാരൽ

RS1------316.97 Kg – 2 ബാരൽ

VG30----3332.91kg- 21 ബാരൽ

ബാരലുകളുടെ വില 24@281 = 6,744/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന രസീത് നമ്പർ 2/1318-01-6-2022 പ്രകാരം ഒടുക്കു വരുത്തി.

ഓഡിറ്റ് എൻക്വയറി നം – 1/30.05.22

1-12 അങ്കണവാടികളിൽ എയർ കണ്ടീഷൻ സ്ഥാപിക്കൽ - സർക്കാർ അനുമതിയില്ലാതെ ചെലവ് നടത്തി.

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | സ്മാർട്ട് അങ്കണവാടി, 73/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശിശു വികസന ഓഫീസർ |
| അടങ്കൽ, ഫണ്ടിനം | 4,50,000/-രൂപ ( വികസനഫണ്ട്) |
| ചെലവ് | 4,41,877/-രൂപ |

| | |
|---|---|
| ബിൽ നം, തീയതി | 02/11.05.2020, 03/11.09.2020 |

സി.ഡി.പി.ഒ. നിർവ്വഹണ ഉദ്യോഗസ്ഥയായി ആലപ്പാട് ഗ്രാമപ്പഞ്ചായത്തിലെ 15, 19 നമ്പർ അങ്കണവാടികൾ സ്മാർട്ട് അങ്കണവാടികളാക്കി മാറ്റുന്നതിന് മേൽപ്പറഞ്ഞ പ്രകാരം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

ഈ പ്രോജക്ടിൽ 2 അങ്കണവാടികളിലും ടൈൽ വർക്ക്, പെയിന്റിംഗ്, ഡോർ സ്ഥാപിക്കൽ തുടങ്ങി നിർമ്മാണ പ്രവർത്തികളും Computer, Speaker, Computer Table, Pentab, Air Conditioner എന്നിവ വാങ്ങി സ്ഥാപിക്കുകയുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തിരിക്കുന്നത്. അങ്കണവാടികളിൽ ശീതികരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കരുതെന്ന് 12.07.2017, 19.10.2017 തീയതികളിലെ കോർഡിനേഷൻ കമ്മിറ്റി പൊതുതീരുമാനമെടുത്ത് തദ്ദേശ സ്വയംഭരണ വകുപ്പിനെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ പദ്ധതിയുടെ ഭാഗമായി 2 അങ്കണവാടിയിലും എയർ കണ്ടീഷനർ സ്ഥാപിക്കുന്നതിന് 69,800/-രൂപ ചെലവഴിച്ചിട്ടുണ്ട്. അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണ്ണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പദ്ധതികൾക്ക് പ്രാധാന്യം നൽകണമെന്നാണ് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. അങ്കണവാടികളിൽ ശീതികരണ സംവിധാനം ഒരുക്കുന്നതിന് പ്രത്യേക അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥന് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിനും, പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശത്തിനും വിരുദ്ധമായി അങ്കണവാടികളിൽ ശീതികരണ സംവിധാനം ഒരുക്കുന്നതിനായി ചെലവഴിച്ച 69,800/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക – 69,800/-രൂപ

ഓഡിറ്റ് അന്വേഷണക്കുറിപ്പ് - 03/02.06.2022

1-13 അളവു പുസ്തകത്തിലുള്ള സാമഗ്രികളുടെ വില സ്റ്റോക്ക് അളവിൽ നിജപ്പെടുത്തിയില്ല - അധികച്ചെലവ്.

പ്രോജക്ട് നം. - 53/21

126 നമ്പർ അങ്കണവാടി നിർമ്മാണത്തിനു എം.എൻ.ആർ.ഇ.ജി.എസിൽ ഉൾപ്പെടുത്തി സാധനസാമഗ്രികൾ

വികസന ഫണ്ട് – 6,60,000/-രൂപ

കേന്ദ്രാവിഷ്കൃതം - 5,00,000/-രൂപ

ആകെ - 11,60,000/-രൂപ

ചെലവ് - 5,78,569/-രൂപ (വികസന ഫണ്ട്)

നിർവ്വഹണം - സെക്രട്ടറി

കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ 126 നമ്പർ അങ്കണവാടി നിർമ്മാണത്തിന് നിർമ്മാണ സാമഗ്രികൾ നൽകുന്നതിനു വേണ്ടി (കൺവേർജൻസ് പ്രവൃത്തി)യുള്ള ഈ പ്രോജക്ടിനു വേണ്ടി ക്വട്ടേഷൻ നടപടികളിലൂടെ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. ഗൺഗനിൽ നിന്നും 4,62,764.37/-രൂപയുടെ സാമഗ്രികൾ ഇറക്കിയതിന് 5,41,376/-രൂപ ( ബിൽ നം. 3/23.4.20 തുക- 3,70,236/-രൂപ, ബിൽ നം. 8/24.4.20 തുക- 1,71,140/-രൂപ) നൽകിയിരിക്കുന്നു. ഗ്രാമപഞ്ചായത്തിൽ നിന്നും ഹാജരാക്കിയ പ്രസ്തുത പ്രവൃത്തിയുടെ അളവു പുസ്തകം 110/19-20 പ്രകാരം 4,62,764.37/-രൂപയുടെ സാമഗ്രികളാണ് സ്റ്റോക്ക് ചെയ്തിട്ടുള്ളത്. അധികമായി നൽകിയ

78,611.60/-രൂപ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദവിവരങ്ങൾക്ക് ഖണ്ഡിക 3-2 കാണുക.
നിരാകരിക്കുന്ന തുക – 78,611.60/-രൂപ
ഓഡിറ്റ് എൻക്വയറി നം – 2/1.6.22

1-14 പഠനമുറി നിർമ്മാണം പൂർത്തികരിച്ചില്ല.

| | |
|---|---|
| പ്രോജക്റ്റ് നം. | 19/21 |
| പ്രോജക്റ്റ് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ | 33,07,100/-രൂപ (വികസനഫണ്ട്-എസ്.സി.പി), 92,900/-രൂപ (വികസനഫണ്ട്) |
| ആകെ | 34,00,000/-രൂപ |
| ചെലവ് | 17,50,000/-രൂപ (എസ്.സി.പി) |
| നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിന് ഒരു ഗുണഭോക്താവിന് 2,00,000/-രൂപ ആനുകൂല്യം നൽകാനായിരുന്നു പദ്ധതി. പദ്ധതിപ്രകാരം ഭവന നിർമ്മാണത്തിന് ആദ്യഗഡു കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചില്ല.

| വിദ്യാർത്ഥിയുടെ പേര് | പഞ്ചായത്ത് | നൽകിയ തുക (രൂപ) |
|---|---|---|
| ദേവിക.എസ്, ദേവ ഭവനം | കുലശേഖരപുരം | 50,000/-<br>ബിൽ നം.45/26.2.21 |
| രേവതി, രവീന്ദ്ര ഭവനം | ഓച്ചിറ | 50,000/-<br>ബിൽ നം.44/26.2.21 |

നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം – 7/03.06.22

1-15 ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ആളിന് ആനുകൂല്യം നല്കി. ചെലവ് അംഗീകരിക്കുന്നില്ല.

പ്രോജക്റ്റ് – മത്സ്യതൊഴിലാളികൾക്ക് കട്ടമരം വാങ്ങി നൽകൽ (എസ്.ഒ.114/2021)
നിർവ്വഹണം – ഫിഷറീസ് സബ്ഇൻസ്പെക്ടർ
അടങ്കൽ - 15,24,000/-രൂപ
2,00,651/-രൂപ (വികസനഫണ്ട്)
3,90,000/-രൂപ ( ഗു.വി. സ്ഥാപനത്തിൽ അടയ്ക്കുന്നത്)
9,33,349/-രൂപ (തനത് ഫണ്ട്)
ചെലവ് – 15,12,000/-രൂപ
2,00,651/-രൂപ (ബിൽ നമ്പർ 43/2020-21 തീയതി. 12.01.2021)
3,78,000/- രൂപ (ഗു.വി) ട്രാൻസ്ഫർ ക്രഡിറ്റ്.
(ചെക്ക് നമ്പർ.333301, തീയതി.14.09.2020) 3,78,000/-രൂപ
9,33,349/-രൂപ, (ചെക്ക് നമ്പർ - 333314 തീയതി.11.11.2020 )
(Dolphin Fibre - 9,04,549/-രൂപ
(GST - 28,800/-രൂപ)

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ആലപ്പാട്, ക്ലാപ്പന, കുലശേഖരപുരം പഞ്ചായത്തുകളിൽ നിന്നും ഗ്രാമസഭ വഴി തെരഞ്ഞെടുക്കപ്പെട്ട 38 ഗുണഭോക്താക്കൾക്ക് 40,000/-രൂപ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് കട്ടമരം നല്കാൻ പദ്ധതി വിഭാവന ചെയ്തു. 02.03.2020 ൽ നടത്തിയ ക്വട്ടേഷൻ നടപടികളിലൂടെ ഡോൾഫിൻ ഫൈബർ ഗ്ലാസ് എന്ന സ്ഥാപനത്തിൽ നിന്നും നിശ്ചിത സ്പെസിഫിക്കേഷൻ ഉള്ള കട്ടമരം @36,000/-രൂപ, (9,000/-രൂപ - ഗുണഭോക്തൃവിഹിതം) വാങ്ങി

42 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയ 42 പേരിൽ ഉൾപ്പെട്ട പ്രേംകുമാർ, ജയനിലയം, കുലശേഖരപുരം (വാർഡ് 5) എന്ന ഗുണഭോക്താവ് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. വിവിധ പഞ്ചായത്തുകളിൽ നിന്നും ധാരാളം ഗുണഭോക്താക്കൾ ഉൾപ്പെട്ടിരുന്ന പദ്ധതിക്കായി ഇത്തരത്തിൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ആനുകൂല്യം നല്കിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ആനുകൂല്യം നല്കുന്നതിനായി ചെലവഴിച്ച 36,000/- രൂപ നിരാകരിക്കുന്നു. തുക വ്യക്തിയിൽ നിന്നും ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണദ്യോഗസ്ഥന്റെ ബാധ്യതയായി മാറുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം - 5/2022/02.06.2022

1-16 റീടെൻഷൻ തുക പദ്ധതി വിഹിതത്തിൽ നിന്നും നൽകി.

അസി.എൻജിനീയർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ ഭാഗിക ബിൽ നൽകിയപ്പോൾ ഈടാക്കിയ റീടെൻഷൻ തുക(2.5%) സെക്രട്ടറിയുടെ ട്രഷറി ബാങ്ക് അക്കൌണ്ടിലേക്ക് നൽകിയിരുന്നു. പ്രവൃത്തികളുടെ ഫൈനൽ ബിൽ നൽകിയപ്പോൾ റീടെൻഷൻ തുക കൂടി ബില്ലിൽ ചേർത്തു പദ്ധതി വിഹിതത്തിൽ നിന്നും നൽകിയിരിക്കുന്നു. റീടെൻഷൻ തുക സെക്രട്ടറിയിൽ നിന്നും Requisition നൽകി വാങ്ങാതെ പദ്ധതിവിഹിതത്തിൽ നിന്നും നൽകിയതു വഴി 18,961/-രൂപയുടെ അധിക ചെലവ് പദ്ധതി വിഹിതത്തിൽ നിന്നുമുണ്ടായി. ടി തുക സെക്രട്ടറിയുടെ അക്കൗണ്ടിൽ നിന്നും ലഭ്യമാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | പാർട്ട് ബിൽ വിവരം | റീടെൻഷൻ തുക (രൂപ) | ഫൈനൽ തുക വിവരം | അധിക നല്കിയ തുക(രൂപ) |
|---|---|---|---|---|
| പ്രോജക്ട് നം.69/21<br>വള്ളിത്തറ- നമ്പോലിൽ മുക്ക് ഓടയും കവറിംഗ് സ്ലാബും<br>അടങ്കൽ - 6,00,000/-രൂപ (വികസന ഫണ്ട്)<br>ചെലവ്- 5,69,093/-രൂപ | 3,56,070/- ബിൽനം.01/20-4-20 (നികുതി ഉൾപ്പെടെ) | 7,948/- | പ്രവൃത്തി മൂല്യം- 1,23,103/-<br>നികുതി-21,972/-<br>റീടെൻഷൻ- 7,948/-<br>ആകെ-2,13,023/- | 7,948/- |
| പ്രോജക്ട് നം.66/21<br>C.M.S.LPS - കോയിപ്പുറത്ത് ഓടയും, സ്ലാബും<br>അടങ്കൽ- 6,00,000/-രൂപ (വികസന ഫണ്ട്) | 4,93,392/- ബിൽ നം.04/20-4-20 (നികുതി ഉൾപ്പെടെ) | 11,013/- | പ്രവൃത്തി മൂല്യം- 15,686/-<br>നികുതി- 1,882/-<br>റീടെൻഷൻ- 11,013/-<br>ആകെ - 28,581/- | 11,013/- |

| | | | | |
|---|---|---|---|---|
| ചെലവ്- 5,21,973/-രൂപ കരാറുകാരൻ - നസീമ | | | | |
| | | | ആകെ | 18,961/- |

തുക കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കുന്നതുവരെ 18,961/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തുന്ന തുക – 18,961/-രൂപ

ഓഡിറ്റ് എൻക്വയറി നം – 2/01.06.22

1-17 വിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

2020-21 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പദ്ധതിപ്രകാരം ചെലവഴിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| ക്രമ. നം. | പ്രോജക്ടിന്റെ പേര് /നമ്പർ | ചെലവഴിച്ച തുക (രൂപ) | ബിൽനം./ തീയതി, റിക്വിസിഷൻ നമ്പർ/തീയതി. | വിനിയോഗസാക്ഷ്യപത്രം നൽകേണ്ട സ്ഥാപനം |
|---|---|---|---|---|
| 1 | കില സി.എച്ച്.ആർ.ടി യിൽ വനിത ഹോസ്റ്റൽ നിർമ്മാണത്തിന് വിഹിതം നൽകൽ(എസ്.ഒ.ഒ.30/21) | 3,00,000/- വികസനഫണ്ട് (ജനറൽ) | 13/2020-21 തീയതി. 09.06.2020 | കില |
| 2 | വയോമിത്രം തുക നൽകൽ (എസ്.ഒ.ഒ.16/21) | 10,00,000/- വികസനഫണ്ട് (ജനറൽ) | 13/2020-21, 09.06.2020 | കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ |
| 3 | ജീവനം – തുക കൈമാറൽ (എസ്.ഒ.ഒ.09/21) | 1,00,000/- വികസനഫണ്ട് (ജനറൽ) | 32/20-21, 30.09.2020 | ജില്ലാ പഞ്ചായത്ത് |
| 4 | മാലിന്യ സംസ്കരണം- ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ(എസ്.ഒ..60/21) | 10,00,000/- വികസനഫണ്ട് (ജനറൽ) | 02/20-21, 12.05.2020 | ക്ലാപ്പന ഗ്രാമ പഞ്ചായത്ത് |
| 5 | ചിറാശ്ശേരി കോളനി- കരേലിൽ മുക്ക് റോഡ് റീടാറിംഗ്-(വാർഡ് 13)- ഗ്രാമ പഞ്ചായത്ത് വിഹിതം നല്കൽ | 4,94,537/- വികസനഫണ്ട് (എസ്.സി.പി) | 5030513601200010 തീയതി. 05.05.2020 | ക്ലാപ്പന ഗ്രാമ പഞ്ചായത്ത് |
| 6 | ജില്ലാ ആസൂത്രണ സമിതി കെട്ടിടത്തിന് വിഹിതം നൽകൽ (പ്രോജക്ട് നമ്പർ 117/21) | 1,50,000/-(തനത് ഫണ്ട്) | 5897421 തീയതി. 25.01.2021 | ജില്ലാ ആസൂത്രണ സമിതി |
| 7 | ലൈഫ് ഭവന പദ്ധതി (വീട് വയ്ക്കാൻ സ്ഥലം വാങ്ങൽ)ഗ്രാമ | 9,65,000/- വികസനഫണ്ട് (ജനറൽ) | 2,25,000/- (5030400903200030 തീയതി. 23.02.2021) | കുലശേഖരപുരം ഗ്രാമപഞ്ചായത്ത് കുലശേഖരപുരം |

| | | | | |
|---|---|---|---|---|
| | പഞ്ചായത്തുകൾക്ക് തുക നൽകൽ (പ്രോജക്ട് നമ്പർ 8/21) | | 225000/-<br>(5030400903200030 തീയതി. 24.03.2021<br>2,25,000/-<br>(5030400903200030<br>10.03.2021)<br>2,00,000/-<br>(5030600902200130 തീയതി. 24.03.2021)<br>90000/-<br>(5030600902200170 തീയതി.27.03.2021) | ഗ്രാമപഞ്ചായത്ത്<br>കുലശേഖരപുരം ഗ്രാമപഞ്ചായത്ത്<br>തഴവ ഗ്രാമ പഞ്ചായത്ത്<br>തഴവ ഗ്രാമ പഞ്ചായത്ത് |
| 8 | ലൈഫ് ഭവന പദ്ധതി (വീട് വയ്ക്കാൻ സ്ഥലം വാങ്ങൽ)ഗ്രാമ പഞ്ചായത്തുകൾക്ക് തുക നൽകൽ (പ്രോജക്ട് നമ്പർ 7/21) | 48,73,825/-<br>(വികസനഫണ്ട് (ജനറൽ) | 73825/-(ബിൽ നമ്പർ 63/20-21.തീയതി. 31.03.2021)<br>400000/-<br>(5030507401200010 തീയതി. 06.09.2020)<br>200000/-<br>(5030507401200010 തീയതി. 18.09.2020)<br>200000/-<br>(5030400903200020<br>തീയതി. 24.09.2020)<br>800000/-<br>(5030400903200020<br>തീയതി. 05.10.2020)<br>400000/-<br>(5030600902200040<br>തീയതി. 13.10.2020)<br>100000/-<br>(5030600902200040<br>തീയതി. 14.10.2020)<br>600000/-<br>(5030400903200030<br>തീയതി. 08.01.2021)<br>200000/-<br>(5030600902200090 | ആലപ്പാട് ഗ്രാമപഞ്ചായത്ത്<br>ക്ലാപ്പന ഗ്രാമപഞ്ചായത്ത്.<br>ക്ലാപ്പന ഗ്രാമ പഞ്ചായത്ത്<br>കുലശേഖരപുരം ഗ്രാമപഞ്ചായത്ത്<br>കുലശേഖരപുരം<br>ഗ്രാമപഞ്ചായത്ത്<br>തഴവ ഗ്രാമപഞ്ചായത്ത്<br>തഴവ ഗ്രാമപഞ്ചായത്ത്<br>കുലശേഖരപുരം<br>ഗ്രാമപഞ്ചായത്ത്<br>തഴവ ഗ്രാമപഞ്ചായത്ത്<br>തഴവ ഗ്രാമപഞ്ചായത്ത്<br>തൊടിയൂർ ഗ്രാമപഞ്ചായത്ത്<br>തൊടിയൂർ ഗ്രാമപഞ്ചായത്ത്<br>തൊടിയൂർ ഗ്രാമ പഞ്ചായത്ത്<br>തൊടിയൂർ ഗ്രാമപഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| | | | തീയതി. 08.01.2021)<br>100000/-<br>(5030600902200100<br>തീയതി. 30.01.2021)<br>200000/-<br>(5031000902200030<br>തീയതി. 30.01.2021)<br>800000/-<br>(5031000902200030<br>തീയതി. 06.02.2021)<br>400000/-<br>(5031000902200040<br>തീയതി. 23.02.2021)<br>200000/-<br>(5031000902200040<br>തീയതി. 23.02.21)<br>200000/-<br>(5030800901200000<br>തീയതി. 30.03.2021) | ആലപ്പാട് ഗ്രാമപഞ്ചായത്ത് |
| 9 | ലൈഫ് ഭവന പദ്ധതി തുക നല്കൽ (പ്രോജക്ട് നമ്പർ.6/21) | 16,00,000/-(വികസന ഫണ്ട്.എസ്.സി.പി) | 200000/-<br>(ബിൽ നമ്പർ.61/20-21<br>തീയതി. 30.03.2021)<br>80000/-(5030300901200010<br>തീയതി. 09.10.2020)<br>100000/-<br>(5030300901200010<br>തീയതി. 09.10.2020)<br>300000/-<br>(5030600902200100<br>തീയതി. 06.02.2021)<br>640000/-<br>(5030300901200040<br>തീയതി. 23.02.2021)<br>40000/-<br>(5030600902200110<br>തീയതി. 23.02.2021)<br>240000/- | തഴവ ഗ്രാമ പഞ്ചായത്ത്<br>ഓച്ചിറ ഗ്രാമ പഞ്ചായത്ത്<br>ഓച്ചിറ ഗ്രാമ പഞ്ചായത്ത്<br>തഴവ ഗ്രാമ പഞ്ചായത്ത്<br>ഓച്ചിറ ഗ്രാമ പഞ്ചായത്ത്<br>തഴവ ഗ്രാമ പഞ്ചായത്ത്<br>തഴവ ഗ്രാമ പഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| | | | (5030600902200120<br>തീയതി. 10.03.2021) | |
| 10 | ലൈഫ് ഭവന പദ്ധതി<br>തുക നല്കൽ<br>(പ്രോജക്ട് നമ്പർ 5/21) | 39,36,454/-(വികസന ഫണ്ട്.ജനറൽ) | 80,000/-<br>(5030507401200000<br>തീയതി. 06.09.21)<br>12,00,000/-<br>(5030600902200020<br>തീയതി. 14.09.2020)<br>80,000/-<br>(5030507401200010<br>തീയതി. 30.01.2022)<br>3,20,000/-<br>(5031000902200010<br>തീയതി. 13.10.2020)<br>40,000/-<br>(5030807401200010<br>തീയതി. 13.01.2021)<br>80000/-<br>(5031000902200020<br>തീയതി. 16.01.2021)<br>80000/-<br>(5031000902200030<br>30.01.2022)<br>40000/-<br>(5031000902200040<br>തീയതി. 23.02.2022)<br>40000/-<br>(5031000902200040<br>തീയതി. 23.02.2022)<br>40000/-<br>(5031000902200050<br>തീയതി. 25.03.2022)<br>60000/-<br>(5031000902200060<br>തീയതി. 25.03.2022)<br>100000/-<br>(5031000902200060<br>തീയതി. 25.03.2022)<br>160000/- | ക്ലാപ്പന ഗ്രാമ പഞ്ചായത്ത്<br>തഴവ ഗ്രാമപഞ്ചായത്ത്<br>ക്ലാപ്പന ഗ്രാമ പഞ്ചായത്ത്<br>തൊടിയൂർ ഗ്രാമപഞ്ചായത്ത്<br>ആലപ്പാട് ഗ്രാമപഞ്ചായത്ത്<br>തൊടിയൂർ ഗ്രാമ പഞ്ചായത്ത്<br>തൊടിയൂർ ഗ്രാമ പഞ്ചായത്ത്<br>തൊടിയൂർ ഗ്രാമ പഞ്ചായത്ത്<br>തൊടിയൂർ ഗ്രാമ പഞ്ചായത്ത്<br>തൊടിയൂർ ഗ്രാമ പഞ്ചായത്ത്<br>തൊടിയൂർ ഗ്രാമ പഞ്ചായത്ത്<br>തൊടിയൂർ ഗ്രാമ പഞ്ചായത്ത്<br>തൊടിയൂർ ഗ്രാമപഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| | | | (5031000902200060<br>തീയതി.25.03.2022)<br>1616454/-<br>(ബിൽ നമ്പർ 62/20-21<br>തീയതി. 30.03.2021) | |

ആയത് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 1,44,19,816/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക - 1,44,19,816/-രൂപ

ഓഡിറ്റ് എൻക്വയറി നം - 11/3.6.2022

1-18 മാതൃക പ്രദർശന കൃഷിത്തോട്ടം - സ്ഥലവിസ്തൃതി പരിഗണിക്കാതെ ആനുകൂല്യം നൽകി.

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | മാതൃക പ്രദർശന കൃഷിത്തോട്ടം, 44/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസ്സിസ്റ്റന്റ് ഡയറക്ടർ അഗ്രികൾച്ചർ |
| അടങ്കൽ, ഫണ്ടിനം | 10,50,000/-രൂപ<br>വികസന ഫണ്ട് - 6,90,000/-രൂപ<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 2,90,000/-രൂപ<br>ഗുണഭോക്തൃ വിഹിതം – 70,000/-രൂപ |
| ചെലവ് | 9,80,000/-രൂപ |
| ബിൽ നം, തീയതി | 08/5.3.2021, 09/30.03.2021 |

സ്വന്തമായോ, പാട്ടത്തിനോ 50 സെന്റിൽ കുറയാതെയുള്ള സ്ഥലത്ത് ഇടവിള പ്രദർശന തോട്ടം നടപ്പാക്കാൻ താൽപ്പര്യമുള്ള കർഷക ഗ്രൂപ്പുകൾക്ക് ആനുകൂല്യം നൽകുന്നതിനാണ് മേൽപ്പറഞ്ഞ പ്രകാരം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയത്. പദ്ധതി നിർവ്വഹണം സംബന്ധിച്ച ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 50 സെന്റിൽ കുറയാതെയുള്ള സ്ഥലത്ത് ഇടവിള പ്രദർശന തോട്ടം നടപ്പാക്കാൻ താൽപ്പര്യമുള്ള കർഷക ഗ്രൂപ്പുകൾക്ക് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നതെങ്കിലും സ്ഥല വിസ്തൃതി പരിഗണിക്കാതെ എല്ലാ ഗ്രൂപ്പുകൾക്കും ഒരേ നിരക്കിലാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ആനുകൂല്യം ലഭിച്ച ഗ്രൂപ്പിന്റെ പേര് | കൃഷി ചെയ്യുന്ന സ്ഥലം |
|---|---|
| സൗപർണ്ണിക കുടുംബശ്രീ യൂണിറ്റ്, മണപ്പള്ളി | 7 ആർ 9 സ്വ.മീ |
| കൈരളി കുടുംബശ്രീ യൂണിറ്റ്, തഴവ | 3 ആർ 39 സ്വ.മീ |
| പ്രിയദർശിനി N.H.G, തഴവ | 3 ആർ 44 സ്വ.മീ |
| ശ്രീ ചിറയ്ക്കൽ N.H.G, തഴവ | 8 ആർ 10 സ്വ.മീ |
| ശ്രീ വിനായക N.H.G, തഴവ | 15 ആർ 20 സ്വ.മീ |
| പ്രിയങ്ക കുടുംബശ്രീ N.H.G, തഴവ | 9 ആർ 20 സ്വ.മീ |

2. തൊടിയൂർ, ക്ലാപ്പന, ആലപ്പാട് എന്നീ ഗ്രാമപഞ്ചായത്തുകളിലെ കർഷക ഗ്രൂപ്പുകൾക്ക് അനുവദിച്ച ആനുകൂല്യം വിതരണം ചെയ്തതിന്റെ വിവരം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. (തൊടിയൂർ – 30 ഗ്രൂപ്പ്, ക്ലാപ്പന – 20 ഗ്രൂപ്പ്, ആലപ്പാട് – 20 ഗ്രൂപ്പ്)

3. ആനുകൂല്യം ലഭിച്ച ഗ്രൂപ്പുകൾ കൃഷി, കൃഷി അനുബന്ധ മേഖലകളിൽ സജീവമായി

പ്രവർത്തിക്കുന്ന ഗ്രൂപ്പുകളാണെന്നുള്ള സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല.
4. കൃഷി അസിസ്റ്റന്റുമാരുടെ സ്ഥലപരിശോധന റിപ്പോർട്ടിന്റെ അഭാവത്തിലാണ് ഭൂരിഭാഗം ഗ്രൂപ്പുകൾക്കും ആനുകൂല്യം നൽകിയിട്ടുള്ളത്.

വാർഡ് മെമ്പർമാർ പ്രാഥമിക പരിശോധന നടത്തി ഗ്രാമസഭയിൽ സമർപ്പിച്ച അപേക്ഷകളിലാണ് ആനുകൂല്യം നൽകിയിട്ടുള്ളതെന്ന്, മേൽ സൂചിപ്പിച്ച അപാകതകളിന്മേൽ കൂടുതൽ വിശദാംശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. വിഭാവനം ചെയ്ത പദ്ധതിയിൽ നിന്നും വ്യതിചലിച്ച് മുഴുവൻ ഗ്രൂപ്പുകൾക്കും ആനുകൂല്യം നൽകുന്ന വിധത്തിലാണ് പദ്ധതി നടപ്പാക്കിയത്. കൂടാതെ ക്രമ നം. 2 ൽ സൂചിപ്പിച്ചിട്ടുള്ള പഞ്ചായത്തുകളിൽ അനുവദിച്ച ആനുകൂല്യം വിതരണം ചെയ്തതിന്റെ വിവരം ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 5,25,000/-രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. വിതരണവിവരം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സപ്പെടുത്തുന്ന തുക – 5,25,000/-രൂപ
ഓഡിറ്റ് എൻക്വയറി നം- 06/02.06.2021

1-19 പാലിന് സബ്സിഡി പ്രോജക്ട് - ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയില്ല.

ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് പാലളവിന് ആനുപാതികമായി സബ്സിഡി നൽകുന്നതിന് ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ പറയും പ്രകാരം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് പേര്, നമ്പർ | വകയിരുത്തിയ തുക (രൂപ) (വികസന ഫണ്ട്) | ചെലവഴിച്ച തുക(രൂപ) | ബിൽ നം., തീയതി |
|---|---|---|---|---|
| 1 | പാലിന് സബ്സിഡി പ്രോജക്ട് 63/20-21 | 11,02,723/- | 11,02,723/- | 04/22.4.20 – 83,571/-,<br>05/22.4.20 – 53,289/-<br>11/22.4.20 – 99,120/-<br>12/22.4.20 – 98,157/-<br>13/22.4.20 – 88,854/-<br>14/22.4.20 – 65,561/-<br>15/22.4.20 – 71,633/-<br>16/22.4.20 – 81,029/-<br>17/22.4.20 – 62,466/-<br>18/22.4.20 – 50,135/-<br>19/22.4.20 – 66,330/-<br>20/22.4.20 – 86,376/-<br>27/27.5.20 – 51,566/-<br>28/27.5.20 – 45,966/-<br>29/27.5.20 – 50,135/-<br>30/27.5.20 – 37,682/-<br>31/27.5.20 – 10,853/- |
| 2 | പാലിന് സബ്സിഡി പ്രോജക്ട് 85/20-21 | 42,071/- | 42,071/- | |
| ആകെ | | | 11,44,794/- | |

1. പ്രോജക്ട് 63/20-21 നമ്പർ പദ്ധതിയിൽ 11,02,723/-രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കർഷകർ ക്ഷീരസംഘങ്ങളിൽ നൽകിയ പാലളവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് പരിശോധനക്ക് ഹാജരാക്കിയില്ല.

2. പ്രോജക്ട് 85/20-21 നമ്പർ പദ്ധതിയിൽ 42,071/-രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കർഷകർ ക്ഷീരസംഘങ്ങളിൽ നൽകിയ പാലളവിന്റെ

സാക്ഷ്യപ്പെടുത്തിയ പകർപ്പ് പരിശോധനക്ക് ഹാജരാക്കിയില്ല. കൂടാതെ ഈ പദ്ധതിയിൽ നിന്നും ചെലവഴിച്ച 29,001/-രൂപയുടെ(ബിൽ നം. 82/15.01.21) ബില്ലുകൾ മാത്രമെ പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളൂ. രേഖകൾ ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ട് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കാത്തതിനാൽ മേൽ പദ്ധതികൾ പ്രകാരം ചെലവഴിച്ച 11,44,794/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 11,44,794/-രൂപ

ഓഡിറ്റ് എൻക്വയറി നം – 12/03.06.22

1-20 മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു.

2020-21 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്ടിൽ കേരള മെഡിക്കൽ സർവീസസ്സ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ഇനിയും ലഭ്യമാകാൻ അവശേഷിക്കുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര്/നം | പ്രൊഫോർമ ഇൻവോയിസ് നം, തീയതി | ബിൽ നം/ തീയതി | ഒടുക്കിയ തുക (രൂപ) | ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില (രൂപ) |
|---|---|---|---|---|
| 01/20-21 സാന്ത്വന പരിചരണം | PRF-4479 | 36/12.02.2021 | 28,171/- | 4,138/- |
| | PRF-3396 | 27/15.01.2021 | 1,49,922/- | 10,496/- |
| | PRF-2038 | 19/25.09.2020 | 3,91,747/- | 7,127/- |
| | | ആകെ | | 21,761/- |

മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ആളിന് ആനുകൂല്യം നല്കി. ചെലവ് അംഗീകരിക്കുന്നില്ല.

പ്രോജക്ട് – മത്സ്യതൊഴിലാളികൾക്ക് കട്ടമരം വാങ്ങി നൽകൽ (എസ്.ഒ.114/2021)

നിർവ്വഹണം – ഫിഷറീസ് സബ്ഇൻസ്പെക്ടർ

അടങ്കൽ - 15,24,000/-രൂപ

2,00,651/-രൂപ (വികസനഫണ്ട്)

3,90,000/-രൂപ ( ഗ്ര.വി. സ്ഥാപനത്തിൽ അടയ്ക്കുന്നത്)

9,33,349/-രൂപ (തനത് ഫണ്ട്)

ചെലവ് – 15,12,000/-രൂപ

2,00,651/-രൂപ (ബിൽ നമ്പർ 43/2020-21 തീയതി. 12.01.2021)

3,78,000/- രൂപ (ഗ്ര.വി) ട്രാൻസ്ഫർ ക്രഡിറ്റ്.
(ചെക്ക് നമ്പർ.333301, തീയതി.14.09.2020) 3,78,000/-രൂപ

9,33,349/-രൂപ, ചെക്ക് നമ്പർ - 333314 തീയതി.11.11.2020 )
(Dolphin Fibre - 9,04,549/-രൂപ
(GST - 28,800/-രൂപ)

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ആലപ്പാട്, ക്ലാപ്പന, കുലശേഖരപുരം പഞ്ചായത്തുകളിൽ നിന്നും ഗ്രാമസഭ വഴി തെരഞ്ഞെടുക്കപ്പെട്ട 38 ഗുണഭോക്താക്കൾക്ക് 40,000/-രൂപ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് കട്ടമരം നല്കാൻ പദ്ധതി വിഭാവന ചെയ്തു. 02.03.2020 ൽ നടത്തിയ ക്വട്ടേഷൻ നടപടികളിലൂടെ ഡോൾഫിൻ ഫൈബർ ഗ്ലാസ് എന്ന സ്ഥാപനത്തിൽ നിന്നും നിശ്ചിത സ്പെസിഫിക്കേഷൻ ഉള്ള കട്ടമരം @36,000/-രൂപ, (9,000/-രൂപ - ഗുണഭോക്തൃവിഹിതം) വാങ്ങി 42 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയ 42 പേരിൽ ഉൾപ്പെട്ട പ്രേംകുമാർ, ജയനിലയം, കുലശേഖരപുരം (വാർഡ് 5) എന്ന ഗുണഭോക്താവ് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. വിവിധ പഞ്ചായത്തുകളിൽ നിന്നും ധാരാളം ഗുണഭോക്താക്കൾ ഉൾപ്പെട്ടിരുന്ന പദ്ധതിക്കായി ഇത്തരത്തിൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ആനുകൂല്യം നല്കിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ആനുകൂല്യം നല്കുന്നതിനായി ചെലവഴിച്ച 36,000/- രൂപ നിരാകരിക്കുന്നു. തുക വ്യക്തിയിൽ നിന്നും ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണദ്യോഗസ്ഥന്റെ ബാധ്യതയായി മാറുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം - 5/2022/02.06.2022

3-2 അളവു പുസ്തകത്തിലുള്ള സാമഗ്രികളുടെ വില സ്റ്റോക്ക് അളവിൽ നിജപ്പെടുത്തിയില്ല. അധികച്ചെലവ്.

പ്രോജക്റ്റ് നം - 53/21

126 നമ്പർ അങ്കണവാടി നിർമ്മാണത്തിനു എം.എൻ.ആർ.ഇ.ജി.എസിൽ ഉൾപ്പെടുത്തി സാധനസാമഗ്രികൾ

വികസന ഫണ്ട് – 6,60,000/-രൂപ

കേന്ദ്രാവിഷ്കൃതം - 5,00,000/-രൂപ

ആകെ - 11,60,000/-രൂപ

ചെലവ് - 5,78,569/-രൂപ

നിർവ്വഹണം - സെക്രട്ടറി

കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ 126 നമ്പർ അങ്കണവാടി നിർമ്മാണത്തിന് നിർമ്മാണ സാമഗ്രികൾ നൽകുന്നതിനു വേണ്ടി (കൺവേർജസ് പ്രവൃത്തി)യുള്ള ഈ പ്രോജക്ടിനു വേണ്ടി ക്വട്ടേഷൻ നടപടികളിലൂടെ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.ഗൻഗനിൽ നിന്നും

4,62,764.37/-രൂപയുടെ സാമഗ്രികൾ ഇറക്കിയതിനു 5,41,376/-രൂപ ( ബിൽ നം. 3/23.4.20 തുക - 3,70,236/-രൂപ, ബിൽ നം. 8/24.4.20 തുക- 1,71,140/-രൂപ) നൽകിയിരിക്കുന്നു. ഗ്രാമപഞ്ചായത്തിൽ നിന്നും ഹാജരാക്കിയ പ്രസ്തുത പ്രവൃത്തിയുടെ അളവു പുസ്തകം 110/19-20 പ്രകാരം 4,62,764.37/-രൂപയുടെ സാമഗ്രികളാണ് സ്റ്റോക്ക് ചെയ്തിട്ടുള്ളതായി കാണുന്നത്. അധികമായി നൽകിയ 78,611.60/-രൂപ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

ഫയലിനോടോപ്പം ഹാജരാക്കിയ പ്രസ്തുത പ്രവൃത്തിയുടെ അളവു പുസ്തകത്തിന്റെ പകർപ്പ്, എം.എൻ.ആർ.ജി.എസ് അക്രഡിറ്റഡ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയ പ്രവൃത്തിയുടെ മേറ്റിന്റെ കൈപ്പറ്റ് രസീത് എന്നിവ പ്രകാരമുള്ള സാമഗ്രികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം. | അളവ് (പ്രവൃത്തിക്ക് ഉപയോഗിച്ചത്) | നിരക്ക് | തുക(രൂപ) |
|---|---|---|---|---|
| 1 | 40 Mm മെറ്റൽ | 3.8227 $M^3$ | 2070/$m^3$ | 7912.99/- |
| 2 | 20 Mm മെറ്റൽ | 13..245 $M^3$ | 2150/$m^3$ | 28476.75/- |
| 3 | സാന്റ് | 22.512 $M^3$ | 2150/$m^3$ | 48400.80/- |
| 4 | സിമന്റ് | 236 Bags | 420/bag | 99120.00/- |
| 5 | സോളിഡ് ബ്ലോക്ക് | 2450 Nos | 34/nos | 83323.00/- |
| 6 | 10 Mm മെറ്റൽ | 4.2 $M^3$ | 2380/$m^3$ | 9996.48/- |
| 7. | സ്റ്റോൺ ഫോർ മേശറി വർക്ക് | 23.67 $M^3$ | 2350/$m^3$ | 55624.50/- (എം ബുക്ക് പ്രകാരം) |
| 8 | സ്റ്റീൽ | 10.3677 Kg | 5670/qntil | 58577/- |
| 9. | ഫൈൻ സാന്റ് | 5.42 $M^3$ | 2080/$m^3$ | 11274.43/- |
| 10. | ആഞ്ഞിലി തടി | 0.8459 $M^3$ | 71000/$m^3$ | 60058.90/- |
| | | | ആകെ | 462764.85/- |

പ്രവൃത്തി പൂർത്തീകരിച്ച് അവസാന ബിൽ തുകയായ 8,61,557/-രൂപയിൽ നിന്നും മെറ്റീരിയൽ തുകയായ 5,41,376/-രൂപ കഴിച്ച് കൂലിയിനത്തിൽ 3,20,181/-രൂപ എഫ്.റ്റി.ഒ വഴി നൽകിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം.2/1-6-22

## 3-3 അങ്കണവാടികളിൽ എയർ കണ്ടീഷൻ സ്ഥാപിക്കൽ - സർക്കാർ അനുമതിയില്ലാതെ ചെലവ് നടത്തി.

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | സ്മാർട്ട് അങ്കണവാടി, 73/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശിശു വികസന ഓഫീസർ |
| അടങ്കൽ, ഫണ്ടിനം | 4,50,000/-രൂപ ( വികസനഫണ്ട്) |
| ചെലവ് | 4,41,877/-രൂപ |
| ബിൽ നം, തീയതി | 02/11.05.2020, 03/11.09.2020 |

സി.ഡി.പി.ഒ. നിർവ്വഹണ ഉദ്യോഗസ്ഥയായി ആലപ്പാട് ഗ്രാമപ്പഞ്ചായത്തിലെ 15, 19 നമ്പർ അങ്കണവാടികൾ സ്മാർട്ട് അങ്കണവാടികളാക്കി മാറ്റുന്നതിന് മേൽപ്പറഞ്ഞ പ്രകാരം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

ഈ പ്രോജക്ടിൽ 2 അങ്കണവാടികളിലും ടൈൽ വർക്ക്, പെയിന്റിംഗ്, ഡോർ സ്ഥാപിക്കൽ തുടങ്ങി നിർമ്മാണ പ്രവർത്തികളും Computer, Speaker, Computer Table, Pentab, Air Conditioner എന്നിവ വാങ്ങി സ്ഥാപിക്കുകയുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തിരിക്കുന്നത്. അങ്കണവാടികളിൽ

ശീതികരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കരുതെന്ന് 12.07.2017, 19.10.2017 തീയതികളിലെ കോർഡിനേഷൻ കമ്മിറ്റി പൊതുതീരുമാനമെടുത്ത് തദ്ദേശ സ്വയംഭരണ വകുപ്പിനെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ പദ്ധതിയുടെ ഭാഗമായി 2 അങ്കണവാടിയിലും എയർ കണ്ടീഷനർ സ്ഥാപിക്കുന്നതിന് 69,800/-രൂപ ചെലവഴിച്ചിട്ടുണ്ട്. അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണ്ണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പദ്ധതികൾക്ക് പ്രാധാന്യം നൽകണമെന്നാണ് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. അങ്കണവാടികളിൽ ശീതികരണ സംവിധാനം ഒരുക്കുന്നതിന് പ്രത്യേക അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥന് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിനും, പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശത്തിനും വിരുദ്ധമായി അങ്കണവാടികളിൽ ശീതികരണ സംവിധാനം ഒരുക്കുന്നതിനായി ചെലവഴിച്ച 69,800/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക – 69,800/-രൂപ

ഓഡിറ്റ് അന്വേഷണക്കുറിപ്പ് - 03/02.06.2022

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 01.06.2022, 02.06.2022 | കെ.എസ്.എ.കെ.എൽ.എം.പി8.1054/22 തീയതി. 14.07.2022 |

### 4-2 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതംനൽകിയ സ്ഥാപനം | തുകലഭിച്ച വർഷം | ലഭിച്ച തുക(രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| തൊടിയൂർ ഗ്രാമപഞ്ചായത്ത് | 2020-2021 | 2,50,000/- | കടമ്പനാട്, കോയിപ്പുറത്ത് അരമത്തുമഠം റോഡിൽ തോട് നിർമ്മാണവും കവറിംഗ് സ്ലാബും | 2,50,000/- | - |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

### 4-6 സ്ഥിര നിക്ഷേപം

ഇല്ല

### 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,14,607/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക(രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തീയതി |
|---|---|---|---|---|
| 2017-18 | 3-8 | 38,574/- | ശ്രീ.ഷാജഹാൻ, കോൺട്രാക്ടർ | 120040100001/12.09.20 |
| 2017-18 | 3-8-2 | 18,900/- | ശ്രീ.ബദറുദ്ദീൻ, കോൺട്രാക്ടർ | 120040100002/12.05.20 |
| 2014-15 | 3-12 | 28,053/- | ശ്രീ.ശശിധരൻ, കോൺട്രാക്ടർ | 120040100003/15.05.20 |
| 2015-16 | 3-8-1 | 20,580/- | ശ്രീ.ബദറുദ്ദീൻ, കോൺട്രാക്ടർ | |
| 2016-17 | 3-1 | 8,500/- | പ്രൊപ്രൈറ്റർ, സൗണ്ട്മാക്സ് കരുനാഗപ്പള്ളി | 121040100078/23.10.21 |
| | ആകെ | 1,14,607/- | | |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 36,000/- | ശ്രീമതി. മേരിദാസ് വർഗ്ഗീസ്, ഫിഷറീസ് സബ്ഇൻസ്പെക്ടർ |
| 3-2 | | 78,612/- | ശ്രീ.ആർ.അജയകുമാർ, സെക്രട്ടറി |
| 3-3 | | 69,800/- | ശ്രീമതി ഹേമ പി., ശിശു വികസന ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 18,961/- | ശ്രീമതി. സലില എസ്., അസി.എൻജിനീയർ |
| 1-17 | 1,44,19,816/- | ശ്രീ.ആർ.അജയകുമാർ, സെക്രട്ടറി |
| 1-18 | 5,25,000/- | ശ്രീ.ബിനേഷ് വി.ആർ, കൃഷി അസ്സി.ഡയറക്ടർ |
| 1-19 | 11,44,794/- | ശ്രീമതി ജാക്വലിൻ ജെ.<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

(ബി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ആർ.അജയകുമാർ സെക്രട്ടറി | വിരമിച്ചു | ലക്ഷ്മി നിവാസ്, വടക്കുംതല, കൊല്ലക പി.ഒ |
| ശ്രീമതി. മേരിദാസ് വർഗ്ഗീസ്, ഫിഷറീസ് സബ്ഇൻസ്പെക്ടർ | ഫിഷറീസ് സബ്ഇൻസ്പെക്ടർ തേവലക്കര | കൊന്നയിൽ വീട്, മാലിഭാഗം, ചവറ (സൌത്ത്) പി.ഒ |
| ശ്രീമതി ഹേമ പി., ശിശു വികസന ഓഫീസർ | ശിശു വികസന ഓഫീസർ, നേമം ബ്ലോക്ക് പഞ്ചായത്ത് | ഹരിചന്ദനം, സൂര്യ – 169 ബി, മണമൂല, പേരൂർക്കട പി.ഒ, തിരുവനന്തപുരം- 5 |
| ശ്രീമതി. സലില എസ്. അസി.എൻജിനീയർ | അസി.എൻജിനീയർ, ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് | ചരവിള പുത്തൻവീട്, ടാഗോർ നഗർ-100, പുന്തലത്താഴം, കിളിമാനൂർ, കൊല്ലം |
| ശ്രീ.ബിനേഷ് വി.ആർ, കൃഷി അസ്സി.ഡയറക്ടർ | വിരമിച്ചു | പുന്നൂത്തറയിൽ, വിജയ ഭവനം, പട.നോർത്ത്, കരുനാഗപ്പള്ളി |
| ശ്രീമതി ജാക്വിലിൻ ജെ ക്ഷീരവികസന ഓഫീസർ | അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് തിരുവനന്തപുരം | മംഗലത്ത്, ഇടയ്ക്കാട്ടു നഗർ-14 കാവനാട് പി ഒ, കൊല്ലം. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1998-1999 | കെ.എസ്.എ.കെ.എൽ.എം.പി.8/106(2) /2018/05.02.18 | 3 |
| 2007-2008 | കെ.എസ്.എ.കെ.എൽ.എം.പി.8/423(1) /20/03.07.20 | 1 |
| 2008-2009 | കെ.എസ്.എ.കെ.എൽ.എം.പി.8/423(2) /20/03.07.20 | 4 |
| 2009-2010 | കെ.എസ്.എ.കെ.എൽ.എം.പി.8/423(3) /20/03.07.20 | 1 |
| 2010-2011 | കെ.എസ്.എ.കെ.എൽ.എം.പി.8/423(4) /20/03.07.20 | 3 |
| 2011-2012 | കെ.എസ്.എ.കെ.എൽ.എം.പി.8/423(5) /20/03.07.20 | 1 |
| 2012-2013 | കെ.എസ്.എ.കെ.എൽ.എം.പി8/423(6)/20 | 7 |

| | | |
|---|---|---|
| &<br>2013-2014 | തീയതി 3.07.2020 | |
| 2014-2015<br>&<br>2015-2016 | കെ.എസ്.എ.കെ.എൽ.എം.പി8/423(7)/20<br>തീയതി 3.07.2020 | 11 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി8/423(8)/20<br>തീയതി 3.07.2020 | 7 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി8/11/20<br>തീയതി 19.06.2020 | 6 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി8/968/20<br>തീയതി. 11/11/2020 | 10 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി8/968/20<br>തീയതി.13.05.2022 | എല്ലാ ഖണ്ഡികകളും |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്